# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2168 — 10.10.2011 - ൽ മറുപടിക്ക്

### കേരള വാട്ടർ അതോറിറ്റിയിലെ സ്ഥാപനശാക്തീകരണ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കി വരുന്ന സ്ഥാപന ശാക്തീകരണ നടപടികൾ വിശദമാക്കാമോ ; | (എ) കേരള വാട്ടർ അതോറിറ്റിയുടെ ഘടനാപരമായ ക്രമീകരണം, നയങ്ങളിലും നടപടിക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ, ധനകാര്യസുസ്ഥിരത എന്നീ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലയേൽപ്പിച്ചിട്ടുണ്ട്.<br>ഇതിനു പുറമെ താഴെപറയുന്ന കാര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 14 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ പദ്ധതികളും ഈ 14 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.<br>2. ജലഅതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനായി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്ക്കരിച്ച വെബ്സൈറ്റ് തുറന്നു. |

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗ രേഖ തയ്യാറാക്കി.
5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ്ഡിവിഷനുകളിലും ഹെൽപ് ഡസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു.
6. അറ്റകുറ്റ പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.
7. വാട്ടർ അതോറിറ്റിയുടെ ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാൻ കേരളാ റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററുമായി ധാരണയാവുകയും അതിന്റെ പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നു.
8. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറക്കുന്നതിനായി ഒരു എനർജി മാനേജ്മെന്റ് പദ്ധതി ഏറ്റെടുത്തു. കോഴിക്കോട്ടുള്ള എൻ.ഐ.ടി യുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട പത്തംഗ വർക്കിംഗ് കമ്മിറ്റിയാണ് ഇക്കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ബ്ലൂബ്രിഗേഡ്, ഹെൽപ്പ് ഡസ്ക് സംവിധാനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുമോ ; | (ബി) | സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുള്ള ബ്ലൂബ്രിഗേഡ്, ഹെൽപ്പ് ഡെസ്ക്ക് സംവിധാനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പാക്കേണ്ട നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം വാട്ടർ അതോറിറ്റി ഡയറക്ടർ ബോർഡ് നൽകിയിട്ടുണ്ട്. |
| (സി) | കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കി വരുന്ന കമ്പ്യൂട്ടറൈസേഷൻ നടപടികളുടെ പുരോഗതി വിശദമാക്കാമോ ; | (സി) | തിരുവനന്തപുരം പട്ടണത്തിലുള്ള ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന പൈലറ്റ് നെറ്റ് വർക്ക് നടപ്പാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്), ഇ-പേയ്മെന്റ് സംവിധാനവും കംപ്ലയിന്റ് റിഡ്രസൽ സിസ്റ്റം (സി.ആർ.എസ്) എന്നിവ തിരുവനന്തപുരം പട്ടണത്തിൽ നടപ്പാക്കി കഴിഞ്ഞു. 50 ലക്ഷത്തിന് മുകളിൽ അടങ്കൽ തുക വരുന്ന പ്രവൃത്തികൾക്ക് വേണ്ടി ഇ-ടെണ്ടറിംഗ് സംവിധാനം കേരള ജല അതോറിറ്റിയിൽ നടപ്പാക്കി കഴിഞ്ഞു. കേരളത്തിലെ എല്ലാ വാട്ടർ അതോറിറ്റി ഓഫീസുകളും തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനം വാട്ടർ അതോറിറ്റി നടപ്പാക്കി വരുന്നു. ഇത് 12/2011 ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.. ടി പ്രവൃത്തി പൂർത്തിയാകുന്നതോടെ അബാക്കസ്, സി.ആർ.എസ് മുതലായവ സംസ്ഥാന വ്യാപകമായി ലഭ്യമാകുന്നതാണ്. പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റം, എംപ്ലോയീസ് ഇൻഫർമേഷൻ സിസ്റ്റം എന്നിവയുടെ സോഫ്റ്റ് വെയർ പരീക്ഷണ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ഡി) | സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്ന അസറ്റ് മാനേജ്മെന്റ്, എനർജി മാനേജ്മെന്റ് നടപടികൾ വിശദമാക്കാമോ ? | (ഡി) | വാട്ടർ അതോറിറ്റിയുടെ ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാൻ കേരളാ റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററുമായി ധാരണയാവുകയും അതിന്റെ പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നു. കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുറക്കുന്നതിനായി ഒരു എനർജി മാനേജ്മെന്റ് പദ്ധതി ഏറ്റെടുത്തു. കോഴിക്കോട്ടുള്ള എൻ.ഐ.ടി യുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട പത്തംഗ വർക്കിംഗ് കമ്മിറ്റിയാണ് ഇക്കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ